(ബി) ഇവരുടെ ആധികാരിക രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ഇവരിൽ ക്രിമിനലുകൾ, പകർച്ച രോഗബാധിതർ തുടങ്ങിയവർ ഉള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരെ കണ്ടെത്താൻ മറ്റ വകുപ്പുകളുടെ സഹായം തൊഴിൽ വകുപ്പ് സ്വീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഡൽഹിയിൽ കുറ്റകൃത്യങ്ങൾ പെരുകിയതിനുകാരണം കുടിയേറ്റ തൊഴിലാളികളാണെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 25 ലക്ഷത്തിലേറെയുള്ള അന്യസംസ്ഥാന തൊഴിലാളികളിൽ കൊടും കുറ്റവാളികളും മോഷണ വിദഗ്ധരും ഉള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിലവിൽ പദ്ധതിയിൽ 49706 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരശേഖരണം നടത്തിയിട്ടില്ല.

(സി) ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധിതമാക്കാൻ സാധിച്ചിട്ടില്ല.

ചുമട്ടുകൂലി

243 (908) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ നടപടികൾ ആരാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊതുജനങ്ങളിൽനിന്നും ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് 22-5-2012-ലെ സ.ഉ. (സാധാ.) നമ്പർ 768/2012/തൊഴിൽ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇതിനുള്ള തുടർനടപടി കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് സ്വീകരിക്കേണ്ടത്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവവഴിയും കയറ്റിറക്കുകൂലി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻ മാർക്കും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിൽ സൃഷ്ടിച്ച പുതിയ തസ്തികകൾ

244 (909) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly